# സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത്
# പത്തനംതിട്ട ജില്ല

21/11/2024 ന് തദ്ദേശസ്വയംഭരണ വകുപ്പ്ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ വച്ച് കൂടിയ ഉപ ജില്ലാഅദാലത്ത് സമിതി - 2 ന്റെ യോഗ മിനിറ്റ്സ്.

**<u>ഉപ ജില്ല അദാലത്ത് സമിതി അംഗങ്ങൾ</u>**

1. ശ്രീ.രമേഷ് കെ എസ്, അസിസ്റ്റന്റ് ഡയറക്ടർ (കൺവീനർ) ഉപജില്ലാ അദാലത്ത് സമിതി-2)
2. ശ്രീമതി ബിന്ദു.എസ്.കരുണാകരൻ (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ.എസ്.ജി.ഡി ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്)
3. ശ്രീ സുനിൽകുമാർ,, അസി.ടൗൺ പ്ലാനർ, എൽ.എസ്.ജി.ഡി

**രതീഷ് കെ.നായർ, പ്രസിഡന്റ്, ഐ എൻ സി, സീതത്തോട് മണ്ഡലം കമ്മിറ്റി.**

**പരിഗണിച്ച വിഷയം -** സീതത്തോട് ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിട നിർമ്മാണാനുമതി ലഭ്യമാക്കി നിർമ്മാണം ആരംഭിച്ച കോൺഗ്രസ് ഭവന്റെ നിർമ്മാണം മുടക്കുന്നതിന് വസ്തുതാ വിരുദ്ധമായ റിപ്പോർട്ടുകൾ തയ്യാറാക്കി ഉദ്യോഗസ്ഥർ ശ്രമം നടത്തുന്നു എന്ന പരാതി.

സീതത്തോട് ഗ്രാമപഞ്ചായത്തിൽ, സീതത്തോട് വില്ലേജിലെ സർവ്വേ നം.189/21 ലുള്ള 1.72 ആർ ഭൂമിയിൽ 203.64 ച.മി.വിസ്തീർണ്ണമുള്ള കൊമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് കെ.പി.സി.സി പ്രസിഡന്റിന് 30/08/2022 തീയതിയിൽ പെർമിറ്റ് അനുവദിച്ചിരുന്നതും ആയത്പ്രകാരം നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുള്ളതായി കാണുന്നു. എന്നാൽ അംഗീകരിച്ച പ്ലാനിൽ നിന്നും വ്യതിചലിച്ച്, ജലസേചന വകുപ്പിന്റെ അധീനതയിലുള്ള കക്കാട്ടാറിന്റെ തീരം കൈയ്യേറി സംരക്ഷണ ഭിത്തി നിർമ്മാണം നടത്തുന്നുവെന്നും ആയതിനാൽ പ്രസ്തുത നിർമ്മാണം നിർത്തിവച്ച് ഇറിഗേഷൻ വകുപ്പിന്റെ അനുമതിപത്രം ഹാജരാക്കിമാത്രം നിർമ്മാണം തുടരുന്നതിനും അല്ലാത്ത പക്ഷം അനധികൃത നിർമ്മാണം പൊളിച്ചു നീക്കണമെന്നും അറിയിച്ച് 01.02.2024 ൽ ഗ്രാമപഞ്ചായത്ത് പരാതിക്കാരന് നോട്ടീസ് നൽകിയിട്ടുള്ളതായും കണ്ടുന്നു. എന്നാൽ ഇറിഗേഷൻ വകുപ്പിന്റെ ഓഫിസിൽ ഭൂമിയുടെ അതിർത്തി സംബന്ധിച്ചുള്ള രേഖകൾ ലഭ്യമല്ലെന്ന് അറിയിച്ചുവെന്നും അതിനെ തുടർന്ന് താലൂക്ക് സർവ്വേ ഓഫീസുമായി ബന്ധപ്പെട്ടുവെങ്കിലും സീതത്തോട് വില്ലേജിലെ പഴയ സർവ്വേ സെക്ച്ചുകൾ ലഭ്യമല്ലാത്തതിനാൽ എൻ ഒ സി ലഭ്യമാകുന്നില്ലായെന്നും പരാതിക്കാരൻ പറയുന്നു. മാത്രവുമല്ല ടി പ്രദേശത്ത് നാളിതുവരെ നിർമ്മിച്ച ഒരു കെട്ടിടത്തിനും ഇറിഗേഷൻ വകുപ്പിന്റെ എൻ ഒ സി ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടില്ലായെന്നും, കോണഗ്രസ്സ് ഭവൻ കെട്ടിട നിർമ്മാണത്തിനും പെർമിറ്റ് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥല പരിശോധന നടത്തിയ

വേളയിൽ ടി വസ്തുവിന്റെ അതിരുകൾ കൃത്യമായി ബോധ്യപ്പെടുത്തിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്ലാൻ പഞ്ചായത്ത് അംഗീകരിച്ച് നൽകിയിട്ടുള്ളതുമാണെന്നും ടിയാൻ അറിയിച്ചു. ടി പ്ലാനിലെ അളവുകൾ അനുസരിച്ച് മാത്രമാണ് നിർമ്മാണം നടത്തി വരുന്നതെന്നും പരാതിക്കാരൻ അറിയിച്ചു.

**തീരുമാനം**

മേൽ പരാതി സംബന്ധിച്ച് വസ്തുതകൾ കൃത്യമായി ബോധ്യപ്പെടുന്നതിന് സ്ഥല പരിശോധന ആവശ്യമാണെന്ന് കാണുന്നതിനാൽ സ്ഥല പരിശോധന നടത്തുന്നതിന് തീരുമാനിച്ചു.

കൺവീനർ
ഉപജില്ലാ അദാലത്ത് സമിതി-2
തദ്ദേശസ്വയംഭരണവകുപ്പ്
പത്തനംതിട്ട